## നാം തയ്യാറാക്കിയ വെബ്ബ്സൈറ്റ് ലാബിലെ മറ്റ് കമ്പ്യൂട്ടറുകളിൽ കാണുവാൻ എന്തുചെയ്യണം ?

ഒരു വെബ്ബ് സൈറ്റ് സിസ്റ്റത്തിൽ പ്രവർത്തിക്കണമെങ്കിൽ വെബ്സൈറ്റ് സോഫ്റ്റ്വെയർ ആവശ്യമാണ് .Apache എന്ന വെബ്ബ്സൈറ്റാണ് നാം ഉപയോഗിക്കുന്നത് .
നാം വെബ്ബ്സൈറ്റിനുവേണ്ടി തയ്യാറാക്കിയ എച്ച് ടി എം എൽ ഫയലുകളും മറ്റു ഫോൾഡറുകളും Desktop ൽ My website എന്ന ഫോൾഡറിൽ സേവ് ചെയ്തിട്ടുണ്ടാകുമല്ലോ .അതിനുശേഷം Desktop ൽ Right Click ചെയ്യുക .Open in terminal ക്ലിക്ക് ചെയ്യുക.
അപ്പോൾ വരുന്ന വിൻഡോയിൽ sudo nautilus എന്ന് ടൈപ്പ് ചെയ്ത് എന്റർ അമർത്തുക.
പാസ്‌വേഡ് ചോദിക്കുകയാണെങ്കിൽ അത് നൽകുക.(Administrative യൂസർ ആയി ലോഗിൻ ചെയ്യുകയാണെങ്കിൽ ഈ പ്രശ്നമില്ല ).അപ്പോൾ ഡെസ്ക്ടോപ്പ് എന്ന ഫോൾഡർ ഒരു വിൻഡോയിൽ വരുന്നതുകാണാം.പ്രസ്തുത വിൻഡോയിൽ വലതുഭാഗത്തുള്ള var എന്ന ഫോൾഡർ തുറക്കുകഅതിലെ www എന്ന ഫോൾഡർ തുറക്കുക.
ഇനി വർക്ക്സ്പേസ് മാറുക
Desktop ലെ My website എന്ന ഫോൾഡർ തുറന്ന് അതിലെ എല്ലാം സെലക്ട് ചെയ്ത് കോപ്പി ചെയ്യുക .www എന്ന ഫോൾഡർ തുറന്നിട്ടുള്ള വർക്ക്സ്പേസിൽ എത്തിച്ചേരുക
www എന്ന ഫോൾഡറിൽ അത് പേസ്റ്റ് ചെയ്യുക.( അതായത് video , images, sounds, എന്നീ ഫോൾഡറുകളും മറ്റ് ഫയലുകളും )അതിനുശേഷം വെബ് ബ്രൌസർ (മോസില ഫയർ ഫോക്സ്) തുറക്കുക.അതിലെ അഡ്രസ്സ് ബാറിൽ localhost/html file name ടൈപ്പ് ചെയ്ത് എന്റർ അമർത്തുക.
ഉദാഹരണമായി പേസ്റ്റ് ചെയ്ത html file ന്റെ പേര് HOME.html എന്നാണെങ്കിൽ localhost/HOME.html എന്ന് ടൈപ്പ് ചെയ്ത് എന്റർ അമർത്തുക.
അപ്പോൾ പ്രസ്തുത പേജ് , അതായത് HOME.html , ദൃശ്യമാകും .

## ലിങ്കുകൾ വർക്ക് ചെയ്യുന്നില്ലെങ്കിൽ

1. ലിങ്കുകൾ Relative path ആയി കൊടുക്കണം
2. www എന്ന ഫോൾഡർ തുറക്കുക. അതിലുള്ള ഓരോ ഫോൾഡറിലും Right Click ചെയ്ത് Properties സെലക്ട് ചെയ്യുക.തുടർന്ന് Permission ക്ലിക്ക് ചെയ്യുക.folder access ന് നേരെയൊക്കെ access folder എന്നത് സെലക്ട് ചെയ്യുക . Apply Permission to enclosed files എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് ക്ലോസ് ചെയ്യുക.

## കമ്പ്യൂട്ടറിന്റെ IP വിലാസം കണ്ടെത്തുന്നതെങ്ങനെ ?

പാനലിലെ നെറ്റ്‌വർക്ക് മോണിറ്റർ ഐക്കണിൽ Right Click ചെയ്ത് സിസ്റ്റത്തിലെ IP വിലാസം കണ്ടെത്താം .

## ലാബിലെ മറ്റ് കമ്പ്യൂട്ടറുകളിൽ നാം തയ്യാറാക്കിയ വെബ്ബ് സൈറ്റ് കാണുന്നതിന്

മറ്റ് സിസ്റ്റങ്ങളിലെ വെബ്ബ് ബ്രൌസർ തുറക്കുക. ( മോസില ഫയർ ഫോക്സ് ) അതിന്റെ അഡ്രസ് ബാറിൽ സെർവർ സിസ്റ്റത്തിന്റെ ( അതായത് നാം
www എന്ന ഫോൾഡറിൽ വെബ്ബ് സൈറ്റ് ഫയലുകൾ പേസ്റ്റ് ചെയ്ത കമ്പ്യൂട്ടറിൽ ) IP address / html file name ടൈപ്പ് ചെയ്ത് എന്റർ അമർത്തുക.
( ഉദാ: 192.168.1.14/HOME.html )
അപ്പോൾ പ്രസ്തുത പേജ് ബ്രൌസറിൽ ദൃശ്യമാകും
ഇതുപോലെ ഓരോ സിസ്റ്റത്തിലുമുള്ള വെബ്ബ്സൈറ്റ് ലാബിലുള്ള മറ്റ് കമ്പ്യൂട്ടറുകളിൽ അവയുടെ ഐ പി വിലാസവും പ്രസ്തുത വെബ്പേജ് പേരും നൽകിയാൽ കാണാവുന്നതാണ് .